സബ്സിഡി വളം മറിച്ചുവിറ്റ സംഭവം

219 (4292) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ എരിമല്ലൂർ കൃഷിഭവന്റെ പരിധിയിൽ വരുന്ന നടുവപ്പാടം പാടശേഖര സമിതിക്ക് കൃഷിഭവൻ മുഖാന്തിരം നൽകിയ സബ്സിഡി രാസവളം മറിച്ചുവിറ്റത് സഹകാര്യ വളം വിൽപ്പന കേന്ദ്രത്തിൽ നിന്ന് നാട്ടുകാർ കണ്ടെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് കൃഷിവകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ പ്രസ്തുത പാടശേഖര സമിതിക്കും സഹകാര്യ കച്ചവടക്കാരനുമെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ സബ്സിഡിയോടെ നൽകുന്ന രാസവളം മറിച്ചു വിൽക്കുക എന്നത് ക്രിമിനൽ കുറ്റത്തിന്റെ പരിധിയിൽ വരുന്ന നിയമലംഘനം എന്ന നിലയിൽ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ ;

(ഡി) പോലീസിൽ പരാതി നൽകിയിട്ടില്ലായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഇക്കാര്യത്തിൽ ക്രിമിനൽ നിയമമനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി ഓഫീസർ ഡിപ്പോ പരിശോധിക്കുകയും "stop sale" ഉത്തരവ് നൽകുകയും കട അടച്ച് സീൽ ചെയ്യുകയും ചെയ്തു.

(ബി) പാടശേഖര സമിതി ജനറൽബോഡി വിളിച്ചു ചേർത്ത് ഭരണസമിതി ഭാരവാഹികളെ മാറ്റി പുതിയ സമിതി രൂപീകരിച്ചു. വളം ഡിപ്പോയുടെ ലൈസൻസ് 1-7-2010-ന് താൽക്കാലികമായി സസ്പെന്റ് ചെയ്തു.

(സി) ആലത്തൂർ പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്തു.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly.